"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി **2025-26** – സഹകരണ എക്സ്പോ-**2025** – മൂന്നാം എഡിഷന് ധനസഹായം അനുവദിയ്ക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.**336/2025/Co-Op** തീയതി,തിരുവനന്തപുരം, **15-07-2025**

---

പരാമർശം:-

1. **13/05/2025** ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്രമം.
2. സഹകരണ സംഘം രജിസ്ട്രാറുടെ **26/06/2025** ലെ ആർ.സി.എസ്/**5539/24** പി & എം ബി **(6)** നം. കത്ത്.
3. ഇ.അനുമതി നം.**AS/COP/25/43567**(സബ്സിഡി)

**ഉത്തരവ്**

സഹകരണ എക്സ്പോ-**2025** – മൂന്നാം എഡിഷൻ **2025** ഏപ്രിൽ **21-30** വരെ തിരുവനന്തപുരത്ത് സംഘടിപ്പിച്ചിരുന്നു. സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ ഉള്ള സഹകരണ സംഘങ്ങൾ, അപെക്സ് സ്ഥാപനങ്ങൾ, സഹകരണ മേഖലയിലെ ബോർഡുകൾ, പ്രമുഖ ഹോസ്പ്പിറ്റൽ സംഘങ്ങൾ, ഫങ്ഷണൽ രജിസ്ട്രാർമാരുടെ ഭരണ നിയന്ത്രണത്തിലുള്ള അപെക്സ് സ്ഥാപനങ്ങൾ, ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെ പ്രമുഖ സഹകരണ സ്ഥാപനങ്ങൾ, **ICA** എന്നിവയെ ഉൾപ്പെടുത്തിയാണ് സഹകരണ എക്സ്പ്ലോ-**2025** (മൂന്നാം എഡിഷൻ) സംഘടിപ്പിച്ചിരുന്നത്. സഹകരണ എക്സ്പോ **-2025** മൂന്നാം എഡിഷൻ സംഘടിപ്പിച്ചതിന്റെ പ്രചരണത്തിനും മറ്റ് അനുബന്ധ ചെലവുകൾക്കുമായി **100.00** ലക്ഷം രൂപ അധിക ധനാനുമതി സഹിതം **150.00** ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരാമർശം **(1)** വർക്കിംഗ് ഗ്രൂപ്പ് പരിഗണിക്കുകയും ഈ സാമ്പത്തികവർഷത്തെ ബജറ്റ് വിഹിതമായ **50** ലക്ഷം രൂപ അനുവദിക്കുന്നതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. സഹകരണ എക്സ്പോ **2025** സംഘടിപ്പിച്ചിരുന്ന ചെലവിലേയ്ക്കായി **50**

ലക്ഷം രൂപ (അമ്പത് ലക്ഷം രൂപ മാത്രം) **2025-26** സാമ്പത്തികവർഷത്തിൽ **2425-001-90-34-3** സബ്സിഡി ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം **(2)** പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അപേക്ഷിച്ചിട്ടുണ്ട്.

**2.** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സഹകരണ സംഘം രജിസ്ട്രാറുടെ ശുപാർശയുടെയും **13/05/2025** ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ, സഹകരണ എക്സ്പോ **2025** ന്റെ ചെലവിലേയ്ക്കായി **50** ലക്ഷം രൂപ (അമ്പത് ലക്ഷം രൂപ മാത്രം) **2025-26** സാമ്പത്തികവർഷത്തിൽ **2425-001-90-34-3** സബ്സിഡി ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജി ഫിലിപ്പ്
അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,
തിരുവനന്തപുരം.
ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.
ധനകാര്യ (അഗ്രി-സി) വകുപ്പ്
വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി (ബി3/127/2025)

ഉത്തരവിൻ പ്രകാരം,

Signed by
Priyanka T V
Date: 18-07-2025 13:47:03
സെക്ഷൻ ഓഫീസർ.

പകർപ്പ്:-ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.
സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി.എ.